Sri. R. K. Ram: Sir, I do not understand the meaning of the expression in part (a) of the question: "മദ്യനിരോധനമേഖല വിപുലപ്പെടുത്തുവാൻ"

Sri. C. Kesavan: It means whether the Government propose to extend the area of prohibition in 1951.

Sri. T. Kochukrishna Pillai: May I know what exactly stands against extending the area?

Sri. C. Kesavan: There are many reasons of which the financial implications are more important.

TOURING OFFICERS' RATION

*763. [3] **Sri. D. Gnanasigamoni:** Will the Hon'ble Minister for Food be pleased to state.—

(*a*) whether officers on tour are permitted to carry sufficient rations with them with special sanction in writing from the food authorities;

(*b*) whether any officer had applied for such a permit;

(*c*) if so, the number of such permits applied for and granted?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) Yes.

(*c*) Three.

ചവറ മണൽക്കമ്പനി

* ൭൫൪. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശ്രീ. ചട്ടനാഥക്കുറുപ്പുകളുടെ വക ചവറയിലുള്ള മണൽക്കമ്പനി ഗവൺമെൻറിൽനിന്നും വിലയ്ക്കു എടുത്തോ;

(ബി) എന്നാണ് വിലയ്ക്കു എടുത്തത്;

(സി) എന്തു വില കൊടുത്തു;

(ഡി) ഇതു വിലയ്ക്കു എടുക്കുന്നതിനെ സംബന്ധിച്ച് എത്ര നാളത്തെ ആലോചന നടന്നു;

(ഇ) ഈ കമ്പനിയിൽ ജോലി ഇല്ലാതായിട്ടു എത്ര മാസങ്ങളായി;

(എഫ്) ജോലിയില്ലാതെ അടച്ചുപൂട്ടിയിട്ടിരുന്ന കാലങ്ങളിൽ ഇതിന്റെ സംരക്ഷണത്തിനു എത്ര രൂപാ ചെലവായി;

(ജി) ഈ ചെലവു വഹിച്ചതു ഗവൺമെൻറോ, ശ്രീ. കുറുപ്പുകളോ;

(എച്ച്) ഇപ്പോൾ അവിടെ ജോലി നടക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എടുത്തു.

(ബി) ൧൯൫൦ ജനുവരി ൬-ാം തീയതി.

(സി) ൪,൯൫,൩൩൩ രൂപാ.

(ഡി) ഏകദേശം ഒരു വർഷം.

(ഇ) ഏകദേശം രണ്ടുവർഷം.

(എഫ്) അറിഞ്ഞുകൂടാ.

(ജി) ശ്രീ. ചട്ടനാഥക്കുറുപ്പുകൾ.

(എച്ച്) ഇല്ല. കഴിയുന്നതും വേഗത്തിൽ ഉറപ്പു ജോലിനടത്തുന്നതിനു വേണ്ട നടപടി എടുത്തുവരികയാണു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാമകൃഷ്ണപിള്ള: അവിടെ ജോലിയില്ലാതെ ആയിട്ട് എത്ര വർഷമായി?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനതന്നെയാണ് ഉത്തരം പറഞ്ഞതു്, രണ്ടുവർഷമായിഎന്നു്.

ശ്രീ ഏ. കെ. പാച്ചുപിള്ള: മുഴുവൻ സംഖ്യയും കന്നായിക്കൊക്കം കൊടുത്തതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടിലേക്ക് മി. കരയാളരിൽ നിന്നും വരുവാനുള്ള തുക തട്ടിക്കഴിച്ചു് ബാക്കിയുള്ളസംഖ്യ കൊടുത്തു.

ശ്രീ. ഏ. കെ. പാച്ചുപിള്ള: എത്ര രൂപയാണ കൊടുത്തതെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു നോട്ടീസുകൂടാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. ഗാസ്പർ ഡി. സിൽവ: ഗവൺമ്മെൻറിലേക്കു് പണം വരാനുള്ളതെങ്ങനെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ ബോണസു് കൊടുക്കുന്നതിനുകൂടി വ്യവസ്ഥയുണ്ടായിരുന്നു. അതു കൊടുക്കുന്നതിനു്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഈ ഗവൺമ്മെൻറു് ഈ കമ്പനി വാങ്ങിച്ചതെന്തിനാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ലാഭകരമായിരിക്കുമെന്നു വിചാരിച്ചാണു്

വയസ്സു വ്യത്യാസംമൂലം പിരിച്ചുവിടപ്പെട്ടർ

*൯൩. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനസർവ്വീസിലെ എത്ര ഉദ്യോഗസ്ഥന്മാരെ അവരുടെ വയസ്സു സംബന്ധിച്ചു് വ്യത്യാസങ്ങൾക്കായി സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടു്;

(ബി) അങ്ങനെ പിരിച്ചുവിട്ടിട്ടുള്ളവരിൽ ശ്രീ. ടി. കെ. കോശി ശ്രീ. കെ. ആർ. ദാമോദരൻപിള്ള, ശ്രീ. കെ. അയ്യപ്പൻപിള്ള എന്നിവർ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) ഇവരിൽ ആരെങ്കിലും പിരിച്ചുവിടലിനെ സംബന്ധിച്ചു കേന്ദ്ര ഗവൺമെൻറിൽപരാതിപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഇ) പരാതിയുടെ ഫലമെന്തായി;

(എഫ്) ശ്രീ. ടി. കെ. കോശിയുടെയും, ശ്രീ. കെ. ആർ. ദാമോദരൻപിള്ളയുടെയും, ശ്രീ. കെ. അയ്യപ്പൻപിള്ളയുടെയും വയസ്സു സംബന്ധിച്ചു അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാരാരെല്ലാം?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) മുതൽ ൪ വരെ.

പബ്ലിക്ക് ഇൻറെറസ്റ്റിനു് വിഘാതമായിരിക്കുമെന്നുള്ളതിനാൽ ബി മുതൽ എഫ് വരെയുള്ള ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതു് യുക്തമായിരിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly